## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3099** **13.07.2015 ൽ മറുപടിക്ക്**

## വനം വകുപ്പിൽ വാച്ചർമാരായിട്ടുള്ള പട്ടികവർഗ്ഗക്കാർ

ചോദ്യം

ശ്രീ. കെ.രാധാകൃഷ്ണൻ

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും,പരിസ്ഥിതിയും,
ഗതാഗതവും,സിനിമയും വകുപ്പ് മന്ത്രി)

(എ) വനം വകുപ്പിൽ വാച്ചർമാരായി എത്ര പട്ടികവർഗ്ഗക്കാർ ജോലി നോക്കുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(എ) വനം വകുപ്പിൽ വാച്ചർമാരായി നിലവിൽ ജോലി നോക്കിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | സ്ഥിരം തസ്തികയിൽ | ദിവസവേതന അടിസ്ഥാന ത്തിൽ |
|---|---|---|
| തിരുവനന്തപു രം | 20 | 51 |
| കൊല്ലം | 40 | 20 |
| പത്തനംതിട്ട | 50 | 10 |
| കോട്ടയം | 20 | 4 |
| ഇടുക്കി | 220 | 256 |
| എറണാകുളം | 10 | 4 |
| തൃശ്ശൂർ | 50 | 15 |
| പാലക്കാട് | 117 | 174 |
| മലപ്പുറം | 20 | 23 |
| കോഴിക്കോട് | 10 | 7 |
| വയനാട് | 120 | 110 |
| കണ്ണൂർ | 17 | 40 |
| കാസർഗോഡ് | 3 | 5 |
| ആകെ | 697 | 719 |

| | |
|---|---|
| (ബി) ഇവർക്ക് നൽകിവരുന്ന വേതനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) സ്ഥിരം തസ്തികയിലെ വാച്ചർമാർക്ക് 8500-13210 രൂപ ശമ്പള സ്കെയിലിൽ അനുവദനീയമായ ശമ്പളം നൽകി വരുന്നു. ദിവസവേതന വാച്ചർമാർക്ക് സാധാരണ മേഖലയിൽ (ഓർഡിനറി ഏരിയ) ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 290/- രൂപ നിരക്കിലും പ്രയാസ മേഖലയിൽ (ഡിഫിക്കൽറ്റ് ഏരിയ) ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 334/- രൂപ നിരക്കിലും അതാതുകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ള വേരിയബിൾ ഡി.എ.യും ഉൾപ്പെടെ വേതനമായി നൽകിവരുന്നു. |
| (സി) ഇവർക്ക് എത്ര മാസത്തെ വേതനം കുടിശ്ശികയായി നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) സ്ഥിരം തസ്തികയിലെ വാച്ചർമാർക്ക് ശമ്പള കുടിശ്ശിക നൽകുവാൻ ഇല്ല. ദിവസ വേതനത്തിൽ ജോലിചെയ്യുന്ന വാച്ചർമാർക്ക് ഏറ്റവും കൂടുതൽ 3 മാസം വരെയുള്ള വേതനമാണ് കുടിശ്ശികയായി നൽകുവാനുള്ളത്. |
| ഡി) മുടക്കം കൂടാതെ എല്ലാ മാസവും ഇവർക്ക് വേതനം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഫണ്ടിന്റെയും ലെറ്റർ ഓഫ് ക്രെഡിറ്റിന്റെയും അടിസ്ഥാനത്തിൽ എല്ലാ മാസവും വേതനം മുടക്കം കൂടാതെ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ